DESPATCHED
On.22/12/21

22/11/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.2565(5)/19/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 19701/SIC-G7/2019**

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ

**ശ്രീ. പി. ശശിധരൻ,
കളപ്പുരയ്ക്കൽ,
ചുട്ടിപ്പാറ,
പത്തനംതിട്ട.** — **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ പോലീസ് ഓഫീസ്,
പത്തനംതിട്ട.**

**അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് ഓഫീസ്,
പത്തനംതിട്ട.** — **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 23.08.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 20.09.2019 |
| ഒന്നാം അപ്പീൽ | 4.10.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 02.11.2019 |
| രണ്ടാം അപ്പീൽ | 28.11.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 30.07.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, കോന്നി പോലീസ് സ്റ്റേഷനിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. റോയി, സി.പി.ഒ 2806 നെ സംബന്ധിച്ചുള്ള വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് വിവരം ലഭിക്കാത്ത തിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കാൻ തീരുമാനിച്ചു. പ്രസ്തുത ഹിയറിംഗിൽ അപ്പീൽഹർജിക്കാരനും എസ്.പി.ഐ.ഒയും പങ്കെടുത്തിരുന്നു.

3. ഹിയറിംഗിൽ പങ്കെടുത്ത അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത്, ആവശ്യപ്പെട്ട വിവരം നിക്ഷേധിക്കുകയാണ് ഉണ്ടായതെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവച്ചുകൊണ്ടാണ് അപ്പീൽ തീർപ്പാക്കിയത് എന്നും വകുപ്പ് 8(ഇ)(ജെ) പ്രകാരം പല വിവരങ്ങളും നിക്ഷേധിച്ചു എന്നും വിവരം ലഭ്യമാക്കണമെന്നുമാണ്.

4. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും വ്യക്തമായ വിവരമാണ് നൽകിയിട്ടുള്ളത് എന്നും ടി അപേക്ഷയിലെ 4,10 ചോദ്യങ്ങളുടെ മറുപടികൾ 3 വ്യത്യസ്ത ഓഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ടവയായിരുന്നു എന്നും ഒന്നിൽ കൂടുതൽ പൊതുഅധികാരകേന്ദ്രങ്ങളിലേയ്ക്ക് അപേക്ഷ കൈമാറാൻ നിയമത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ വിവരം ലഭ്യമാകുന്ന ഓഫീസിന്റെ വിവരം നൽകിയിട്ടുള്ളതും അവിടെ പ്രത്യേകം അപേക്ഷ നൽകാൻ നിർദ്ദേശവും നൽകി എന്നുമാണ് ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുള്ളതും മൊഴിയായി നൽകിയിട്ടുള്ളതും.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ടി അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിന് എസ്.പി.ഐ.ഒ നൽകിയ മറുപടി പരിശോധിച്ചതിൽ, ജനനതീയതിയും മതവും നൽകാം എന്നാൽ ജാതി നൽകേണ്ടതില്ല എന്നിരിക്കെ ലഭ്യമാക്കാൻ പാടില്ലാത്ത വിവരങ്ങൾ നൽകിയതായി കമ്മീഷൻ നിരീക്ഷിക്കുന്നു. 4,10 ചോദ്യങ്ങൾക്ക് ഒന്നിൽ കൂടുതൽ പൊതു അധികാരിയുടെ പക്കൽ നിന്ന് ലഭ്യമാകുന്ന വിവരമായതിനാൽ എസ്.പി.ഐ.ഒ നൽകിയ മറുപടി ശരിയാണെന്നും ബാക്കിയുള്ളവയിൽ പൊതു താല്പര്യമുള്ളവയെ സംബന്ധിച്ച വിവരം നൽകിയിട്ടുള്ളതായും കമ്മീഷൻ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ടി അപ്പീൽഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി **ഇന്നേ ദിവസം 2021 നവംബർ മാസം 22 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി